**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 176** **16-03-2022 - ൽ മറുപടിയ്ക്ക്**

**തദ്ദേശഭരണ വകുപ്പിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ എം എസ് അരുൺ കുമാർ** | | **null<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഏകീകൃത തദ്ദേശഭരണ വകുപ്പ് രൂപീകരിച്ചതുവഴി ലക്ഷ്യമാക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (എ) | കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് ജില്ലാ-ബ്ലോക്ക്-ഗ്രാമപഞ്ചായത്തുകൾക്കിടയിലും ഇവ തമ്മിലും മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും തമ്മിലും യോജിച്ചുകൊണ്ടുള്ള പ്രവർത്തനം ആവശ്യമാണ്. ഏകീകൃത വകുപ്പ് നിലവിൽ വരുന്നതോടെ ഇത് സാധ്യമാകുന്നു. വിവിധ തട്ടുകളിൽ നടക്കുന്ന പ്രാദേശിക ആസൂത്രണ പ്രവർത്തനങ്ങളുടെ ഏകോപനം സാധ്യമാക്കുന്നതിനും തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് അത്യന്താപേക്ഷിതമാണ്. വകുപ്പുതല ഏകോപനവും, പദ്ധതി സംയോജനവും, നിർവ്വഹണവും മികച്ച രീതിയിൽ നടപ്പിലാക്കുവാൻ പൊതുസർവ്വീസ് രൂപീകരണത്തിലൂടെ സാധിക്കുന്നതാണ്. വ്യത്യസ്ത തലങ്ങളിലായി നിൽക്കുന്ന അഞ്ച് വകുപ്പുകൾ ഏകീകരിക്കുന്നതോടുകൂടി ഭരണരംഗത്ത് ആസൂത്രണത്തിൽ ഉണ്ടാകുന്ന വലിയ മാറ്റങ്ങളുടെ പ്രയോജനം പൊതുജനങ്ങൾക്ക് ലഭിക്കുന്നതാണ്. ഇതിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമതയും വികസന നേട്ടങ്ങളും ഉയർത്തുന്നതിനും പ്രാദേശിക വികസനത്തിൽ ഏകോപനവും, സംയോജനവും, ഉറപ്പാക്കുന്നതിനും കഴിയും. ഗ്രാമപഞ്ചായത്തിലും, ബ്ലോക്ക് പഞ്ചായത്തിലും, ജില്ലാപഞ്ചായത്തിലും, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിലുമുള്ള ജീവനക്കാർ ഒരേ വകുപ്പിന് കീഴിൽ ആകുന്നതോടെ സേവന, വികസന പ്രവർത്തനങ്ങളിലുണ്ടാകുന്ന മാറ്റം ജനങ്ങൾക്ക് അനുഭവവേദ്യമാകും. വിവിധ തട്ടുകളിൽ പ്രവർത്തിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം ആസൂത്രണ പദ്ധതികൾ |

| | | | |
|---|---|---|---|
| | | | തയ്യാറാക്കി നടപ്പിലാക്കുന്നതിന് അനിവാര്യമാണ്. തദ്ദേശസ്വയംഭരണ പൊതുഭരണ സംവിധാനം ഏകോപിതമായി പ്രവർത്തിക്കുന്നതോടെ വിവിധ കേന്ദ്രാവിഷ്കൃത-സംസ്ഥാനാവിഷ്കൃത പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫലപ്രദമായി പ്രാദേശിക പദ്ധതിയുമായി സംയോജിപ്പിച്ച് സമഗ്രവികസന പദ്ധതികളാക്കി മാറ്റി വികസന നേട്ടങ്ങൾ ഉയർത്തുവാൻ സാധിക്കുന്നതാണ്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭാഗമായ സാങ്കേതിക വിഭാഗം ജീവനക്കാരായ എഞ്ചിനീയറിംഗ്, നഗര-ഗ്രാമാസൂത്രണം, പൊതുജനാരോഗ്യം എന്നീ മേഖലകളിലെ ഉദ്യോഗസ്ഥരുടെ സേവനം വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ജില്ലാ ആസൂത്രണ സമിതികൾക്കും മെച്ചപ്പെട്ട നിലയിൽ ഉറപ്പാക്കുന്നതിനും കഴിയും. |
| (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഫയൽ നീക്കം കാര്യക്ഷമമാക്കുന്നതിന് പുതിയ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | പഞ്ചായത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം) വികസിപ്പിച്ച സോഫ്റ്റ്‌വെയറാണ് ILGMS (Integrated Local Government Management System). ഒറ്റ ലോഗിനിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുഴുവൻ സേവനങ്ങളും പ്രവർത്തനങ്ങളും കൈകാര്യം ചെയ്യാൻ കഴിയുമെന്നതാണ് ILGMS-ന്റെ സവിശേഷത. മറ്റു വെബ് അധിഷ്ഠിത സോഫ്റ്റ്‌വെയറുകളെ ILGMS-മായി സംയോജിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. അതുവരെ ILGMS-ൽ നിന്നും മറ്റ് വെബ് അധിഷ്ഠിത സോഫ്റ്റ്‌വെയറുകളിലേയ്ക്ക് single -sign in (ഒറ്റ ലോഗിൻ) സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ 309 ഗ്രാമപഞ്ചായത്തുകളിൽ ILGMS വിന്യസിച്ചിട്ടുണ്ട്. സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി ഏപ്രിൽ 1-ാം തീയതി ശേഷിക്കുന്ന 632 ഗ്രാമപഞ്ചായത്തുകളിൽ ILGMS വിന്യസിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നഗരസഭകളിൽ ILGMS-നു സമാനമായി ഫയലുകൾ ഓൺലൈനായി കൈകാര്യം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | തദ്ദേശസ്വയംഭരണ വകുപ്പിലെ സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ ആക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (സി) | തീരുമാനിച്ചിട്ടുണ്ട്. അത് നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട് |
| (ഡി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിത വിനിയോഗം മെച്ചപ്പെടുത്തുന്നതിനും പദ്ധതി | (ഡി) | വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയിൽ എല്ലാ മാസവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവഹണ |

| | | | |
|---|---|---|---|
| | നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനും വേണ്ട ഇടപെടൽ നടത്തുന്നുണ്ടോ; വ്യക്തമാക്കാമോ? | | പുരോഗതി അവലോകനം ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. വകുപ്പ് തലത്തിലും നിരന്തരമായ അവലോകനങ്ങൾ സംഘടിപ്പിക്കുകയും ജില്ലാ ആസൂത്രണസമിതി തലത്തിൽ അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ കാര്യക്ഷമമായ പദ്ധതി നിർവ്വഹണത്തിനായി കിലയുടെ ആഭിമുഖ്യത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുമുണ്ട്. ഇതിന് പുറമെ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരുടെയും സെക്രട്ടറിമാരുടെയും ജില്ലാതല അവലോകന യോഗം നടന്നു വരുന്നു. ആയതിൽ വിവിധ പദ്ധതികളുടെ നിർവഹണം ത്വരിതപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. 2022 ഫെബ്രുവരി രണ്ടാം വാരം വരെ 40 ശതമാനത്തിൽ താഴെ മാത്രം ചെലവ് വന്നിരുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രത്യേക യോഗം വകുപ്പ് മന്ത്രി എന്ന നിലയിൽ വിളിച്ചു ചേർത്ത് , പദ്ധതി നിർവഹണം മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ